പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2841 **28-10-2026-ൽ മറുപടിയ്ക്ക്**

ഫിഷിംഗ് ഹാർബർ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) വർക്കല ചിലക്കർ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

മറുപടി: വർക്കല ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കും മാതൃകാ പഠനം നടത്തുന്നതിനുമായി 28.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മാതൃക പഠനം, EIA പഠനം എന്നിവ പൂർത്തീകരിക്കുകയും കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്നും കൺസെന്റും ലഭ്യമായിട്ടുണ്ട്. എന്നാൽ 04-01-2022-ലെ PMMSY പദ്ധതികൾ സംബന്ധിച്ച അവലോകനയോഗത്തിൽ പുതിയ ഹാർബർ നിർമാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളൊന്നും നടത്തേണ്ടതില്ല എന്നും നിലവിൽ നടന്നുവരുന്ന ഇൻവെസ്റ്റിഗേഷനുകളും നിർത്തിവയ്ക്കുവാനും തീരുമാനിച്ചിരുന്നു. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) വർക്കല-വെട്ടൂർ-റാത്തിക്കൽ മേഖലയിൽ ഹാർബർ നിർമ്മിക്കുന്നതിന് നടപടികൾ ഏതെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

മറുപടി: സ്വീകരിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: ബാധകമല്ല.

സെക്ഷൻ ഓഫീസർ